പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1531 **16-10-2026-ൽ മറുപടിയ്ക്ക്**

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗീസ് മാമ്മൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പഠനത്തിനൊപ്പവും ശേഷവും ജോലി നേടുകയെന്ന ലക്ഷ്യത്തോടെ വിദേശത്തേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് ബദലായി അവർക്ക് വിദേശത്ത് ലഭിക്കുന്ന അറിവിനും അവസരങ്ങൾക്കും തുല്യമായ സാധ്യതകൾ സംസ്ഥാനത്തുതന്നെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് വ്യവസായ-അക്കാദമിക് സഹകരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; അറിയിക്കാമോ;

മറുപടി: ഉണ്ട്.

വിദേശ രാജ്യങ്ങളിലേക്ക് പഠനത്തിനും തൊഴിൽ അവസരങ്ങൾക്കുമായി കുടിയേറുന്ന യുവതലമുറയുടെ വിഭവശേഷി നാട്ടിൽ തന്നെ പ്രയോജനപ്പെടുത്തുന്നതിനു വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ഈ വെല്ലുവിളി നേരിടുന്നതിനായി പരിഷ്കരിച്ച സിലബസുകളും പുത്തൻ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കോഴ്സുകളും വിവിധ സർവ്വകലാശാലകളിലൂടെ നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം പരമ്പരാഗതമായ ബിരുദ പഠനത്തിന് സമൂലമായ പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 4 വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമുകളുടെ നാലാമത്തെ വർഷം ഗവേഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. കൂടാതെ FYUGP യുടെ ഭാഗമായി വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുതകുന്ന വിധത്തിലുള്ള കോഴ്സുകൾ തിരഞ്ഞെടുക്കുവാനും സാധിക്കുന്നു. ഇതോടൊപ്പം വിദ്യാർത്ഥികൾക്ക് സംരംഭക ആശയങ്ങൾ പരിപോഷിപ്പിക്കുവാനും വ്യാവസായിക സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കി നൽകുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) ഇന്നത്തെ വിദ്യാർത്ഥിയെ ഭാവിയിലേക്ക് പ്രാപ്തനാക്കുംവിധം എ.ഐ., ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് എന്നിവ ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരളത്തിലെ വിവിധ സർവകലാശാലകൾ മാറുന്ന തൊഴിൽവിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും AI, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക മേഖലകളിൽ പഠന-ഗവേഷണ അവസരങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നുണ്ട്. കെ.ടി.യു. പുതിയ സാങ്കേതിക വിഷയങ്ങൾ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകൾ കമ്പ്യൂട്ടർ സയൻസ്, ഡാറ്റാ സയൻസ്, AI, സൈബർ സുരക്ഷ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം

നൽകുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല നാലുവർഷ ബിരുദ പ്രോഗ്രാമിൽ AI-യുമായി ബന്ധപ്പെട്ട കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ഡിജിറ്റൽ പഠനസൗകര്യങ്ങളും തൊഴിൽനൈപുണ്യ വികസന കോഴ്സുകളും വിപുലീകരിക്കുന്നതിലൂടെ വിദ്യാർത്ഥികളെ ഭാവിയിലെ തൊഴിൽമേഖലകൾക്ക് സജ്ജരാക്കാൻ ശ്രമിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ ഭാവിവികസനം ഗവേഷണാധിഷ്ഠിതമായിരിക്കണമെന്ന കാഴ്ചപ്പാടോടെ സർവകലാശാലകളിലെ ഗവേഷണ മേഖലകളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

<u>മറുപടി:</u> എം.ജി സർവകലാശാലയിലെ ഗവേഷണ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ പറയുന്നു.

<u>സെൻട്രൽ ലബോറട്ടറി കോംപ്ലക്സ്</u>

ഗവേഷണ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരത്തിലുള്ള പരീക്ഷണശാല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി 132 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ ആദ്യ ഘട്ടം 75 കോടി രൂപയായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ അവസാനഘട്ട പൂർത്തീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

<u>ന്യൂ ഡൊമസ്റ്റിക് & ഇന്റർനാഷണൽ ഹോസ്റ്റൽ</u>

ഈ പദ്ധതിയുടെ കീഴിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുൾപ്പെടെയുള്ളവർക്കായി ചുവടെ പ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

. ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ - 26 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

. സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോസയൻസ് & നാനോടെക്നോളജി - 68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

. സൂസൻ മേബിൾ ഇൻഡോർ സ്റ്റേഡിയം & സ്പോർട്സ് കോംപ്ലക്സ് - 47 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ, റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ബജറ്റ് പ്രകാരം നടപ്പു വർഷം ഗവേഷണത്തിനായി എം.ജി. സർവകലാശാല 9.879 കോടി രൂപ വാർഷിക പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്. കൂടാതെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ, റിസർച്ച് സ്കോളർസ് ഹോസ്റ്റൽ, Centre of Excellence in Nanoscience and Nanotechnology എന്നീ പദ്ധതികൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വികസന പുരോഗതിക്ക് ആക്കം കൂട്ടുന്ന ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി RUSA 2.0 പദ്ധതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സഹിപ്പിക്കുന്നതിനും ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി കൊച്ചിൻ സർവ്വകലാശാലയിൽ യുവ അധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സക്കാരിന്റെ പദ്ധതി

വിഹിതത്തിൽനിന്നും 'Seed Money for New Research Initiatives'എന്ന പദ്ധതിക്കായി എല്ലാവർഷവും നിശ്ചിത തുക വകയിരുത്തി വരുന്നു.

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് 20 എൻജിനീയറിംഗ് കോളേജുകളിൽ ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. 'മേക്കർ ഇക്കോസിസ്റ്റം' (Maker Ecosystem) സമൂഹത്തിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള സംരംഭമാണ് മിനി ഫാബ് ലാബുകൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ ലാബുകൾ, ഡിസൈൻ, വികസനം, നിർമ്മാണം എന്നീ മേഖലകളിൽ വിദ്യാർത്ഥികളുടെ സാങ്കേതിക വൈദഗ്ധ്യവും നൂതനാശയ വികസനശേഷിയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിച്ചിട്ടുള്ളത്.

(ഡി) ആർജ്ജിച്ച അറിവ് സംരംഭകത്വത്തിലേക്ക് പരിവർത്തനം ചെയ്യാൻ വിദ്യാർഥികൾക്ക് എന്തെല്ലാം പിന്തുണയാണ് സർക്കാർ നൽകുകയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> വിദ്യാർത്ഥികളിലെ നവീകരണ ആശയങ്ങളെ വാണിജ്യവൽക്കരിച്ച് സംരംഭങ്ങളാക്കി മാറ്റുന്നതിനായി മഹാത്മാഗാന്ധി സർവകലാശാലയിൽ ശക്തമായ ഇന്നൊവേഷൻ ഇക്കോസിസ്റ്റം ഒരുക്കിയിട്ടുണ്ട്. BIIC, MGUIF, IEDC തുടങ്ങിയ കേന്ദ്രങ്ങളിലൂടെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം, ഇൻകുബേഷൻ, മെന്ററിംഗ്, വിപണനസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നു. 'ഒരു വകുപ്പ്–ഒരു ഉൽപ്പന്നം–ഒരു സാങ്കേതികവിദ്യ–ഒരു സ്റ്റാർട്ടപ്പ്' പദ്ധതി, BARC-യുമായുള്ള സഹകരണം, ക്യാമ്പസ് ഇന്നൊവേഷൻ ഫെസ്റ്റ് എന്നിവ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, നൈപുണ്യവികസനം, ഇന്റേൺഷിപ്പ്, 'Earn While You Learn' പദ്ധതി, സർക്കാർ–വ്യവസായ സഹകരണം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ തൊഴിൽക്ഷമതയും സംരംഭകശേഷിയും വർധിപ്പിക്കാനും സർവകലാശാല ലക്ഷ്യമിടുന്നു.

കോഴിക്കോട് സർവകലാശാലയിൽ ഗവേഷണഫലങ്ങൾ പ്രായോഗികമാക്കി സമൂഹത്തിന് പ്രയോജനകരമായ സാങ്കേതികവിദ്യകളും നൂതന സംരംഭങ്ങളും വികസിപ്പിക്കുന്നതിനായി ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അടിസ്ഥാനശാസ്ത്രം, ആരോഗ്യം, കൃഷി, വ്യവസായം, സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളെ സംയോജിപ്പിച്ച് ഗവേഷണഫലങ്ങൾ പേറ്റന്റ് ചെയ്യുന്നതിനും സാങ്കേതികവിദ്യകളാക്കി മാറ്റുന്നതിനും സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ കേന്ദ്രം ലക്ഷ്യമിടുന്നു.

വിദ്യാർത്ഥികളുടെ നിർബന്ധിത അക്കാദമിക് പ്രോജക്ടുകളെ K-DISC- YIP-യുടെ innovation ecosystem-വുമായി സംയോജിപ്പിച്ച്, യഥാർത്ഥ സാമൂഹിക/വ്യാവസായിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള നൂതന പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഏകീകൃത സംവിധാനം ഒരുക്കുന്നതിന്റെ സാധ്യത ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പരിഗണനയിലാണ്.

വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് കണ്ണൂർ സർവകലാശാലയിൽ TECHNOLOGY BUSINESS INCUBATOR (TBI-KU), KANNUR UNIVERSITY INNOVATION AND INCUBATION FOUNDATION (KU-IIF) എന്നിവ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കണ്ണൂർ സർവകലാശാലയിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ LEAP CENTRE സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ